**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5008** **20-07-2022 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഓൺലൈൻ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിന്റെ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (എ) | റവന്യൂ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിൽ നിലവിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സോഫ്റ്റ്‌വെയർ മുഖാന്തരം സ്ഥലംമാറ്റം, സ്ഥാനക്കയറ്റം ഇവ നടത്തിവരുന്നു. |
| (ബി) | വിരമിക്കുന്നതിന് ഒരു വർഷം മാത്രമുള്ള എത്ര ജീവനക്കാരാണ് മാതൃ ജില്ലയിലേക്ക് സ്ഥലം മാറ്റത്തിനായി ഓപ്ഷൻ/അപേക്ഷ നൽകിയിട്ടുള്ളത്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (ബി) | തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തികയിൽ 3 ജീവനക്കാരും, ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 5 ജീവനക്കാരും വില്ലേജ് ഓഫീസർ/ ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 5 പേരും സീനിയർ ക്ലാർക്ക് തസ്തികയിൽ 9 പേരും ഓപ്ഷൻ/ അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) | വനിതാ ജീവനക്കാർക്ക് പ്രമോഷൻ വരുമ്പോൾ അവരെ മാതൃ ജില്ലയിൽ തന്നെ നിലനിർത്തുമെന്ന നയം നടപ്പിലാക്കി തുടങ്ങിയോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ? | (സി) | പൊതുസ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017 ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ ഉത്തരവ്, 05.04.2018 ലെ സ.ഉ.(കൈ) നം.10/2018/ഉ.ഭ.പ.വ ഉത്തരവ്, റവന്യൂ വകുപ്പിന്റെ 26.08.2020 ലെ സ.ഉ.(സാധാ) നം.2723/2020/റവ ഉത്തരവ് എന്നിവയിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പിൽ പൊതുസ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നടത്തുന്നത്. ടി സർക്കാർ ഉത്തരവുകളിൽ വനിതാ ജീവനക്കാർക്ക് പ്രൊമോഷൻ വരുമ്പോൾ മാതൃജില്ലയിൽ നിലനിർത്തുന്നത് വ്യവസ്ഥ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ